# 'ആത്മപ്രശംസ നന്നല്ല'

## റോമർ 12:3

''ഭാവിക്കേണ്ടതിന്നു മീതെ ഭാവിച്ചുയരാതെ ദൈവം അവനവന്നു വിശ്വാസത്തിന്റെ അളവു പങ്കിട്ടതുപോലെ സുബോധമാകുംവണ്ണം ഭാവിക്കേണമെന്നു ഞാൻ എനിക്കു ലഭിച്ച കൃപയാൽ നിങ്ങളിൽ ഓരോരുത്തനോടും പറയുന്നു''

പഴയനിയമ കാലത്ത് മോശെ മുാന്തിരം ദൈവം യിസ്രായേൽമക്കൾക്കു 10 കൽപനകൾ നൽകിയതു പോലെ ഒരു പുതിയനിയമ വിശ്വാസിക്ക് തങ്ങളുടെ ജീവിതത്തെ ക്രമീകരിക്കുവാനുള്ള ചില കൽപനകളായി ഒരു പക്ഷെ ഈ അദ്ധ്യായത്തിലെ വചനങ്ങളെ നമുക്ക് നോക്കിക്കാണാം. ആദ്യവചനത്തിൽ തന്നെ ഒരു പ്രബോധനമെന്നുള്ള രീതിയിലാണ് പൗലോസ് തുടങ്ങുന്നത്, അത് ദൈവം നമ്മോട് കാണിച്ച മനസ്സലിവ് വീണ്ടും ഒന്നു കൂടി ഓർമ്മിപ്പിച്ചു കൊണ്ടാണ് അദ്ദേഹം ആരംഭിക്കുന്നത്. പാപപങ്കിലമായ ഈ ലോകത്തിൽ ജീവിക്കുമ്പോൾ ഓരോ വിശ്വാസിയും ദൈവത്തിന്റെ ആ മനസ്സലിവ് എന്തെന്നും, അതിന്റെ പ്രാധാന്യത്തെയും കുറിച്ച് വീണ്ടും വീണ്ടും ജീവിതത്തിൽ ഓർക്കേണ്ടുന്നതിന്റെ ആവശ്യകത ഈ കാലയളവിൽ ഏറിവരുന്നു. കാരണം നമ്മുടെ മുഴുവൻ പാപങ്ങൾക്കും വേണ്ടി പശ്ചാത്താപമായി അവൻ തന്റെ സ്വപുത്രനെ യാഗമായി നൽകുവാൻ തക്കവണ്ണം നമ്മെ ഓരോരുത്തരെയും സ്നേഹിച്ചു എന്നുള്ളതു തന്നെ ആ വലിയ മനസ്സലിവ്. ഇത് നാം ഓർക്കുമ്പോൾ നമ്മിൽ നിരന്തരമായ രൂപാന്തിരം ഉണ്ടാവണം.

ഇവിടെയാണ് നാം മേൽ വായിച്ച വചനത്തിന്റെ പ്രസക്തി, ഭാവിക്കേണ്ടതിന്നു മീതെ ഒരിക്കലും നാം ഭാവിച്ചുയരരുത്. ദൈവം അവനവനു വേണ്ടുന്ന താലന്തുകൾ അവനവനു ഉതകുംവണ്ണം നൽകിയിരിക്കുന്നു. വചനം ഒരിക്കലും ഒരുവനെയും സ്വയത്തിൽ ആശ്രയിക്കാനോ സ്വയം മഹത്വീകരിക്കുവാനോ ആഹ്വാനം ചെയ്യുന്നില്ല. സകലവും ദൈവത്തിന്റെ ദാനമാണെന്നുള്ള ഒരു ഓർമ്മ നമ്മുടെ ജീവിതത്തിൽ ഉണ്ടാവണം. അതു തന്നെയാണ് എഫേസ്യ ലേഖനത്തിൽ പൗലോസ് പറയുന്നത്, "കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിന്നും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു. ആരും പ്രശംസിക്കതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല" (എഫേസ്യർ 2:8-9). ആയതിനാൽ ഒരിക്കലും നമുക്ക് ലഭിച്ചിരിക്കുന്ന ഈ രക്ഷ എന്നു പറയുന്നത് നമ്മുടെ ആരുടെയും കഴിവോ മിടുക്കോ ഒന്നും അളന്നു നോക്കിയിട്ടല്ല ദൈവം നൽകിയത് എന്നു നാം ഓർക്കണം. അവനിൽ വിശ്വസിക്കുന്ന ഏവന്നും ഒരേപോലെ നൽകിയിരിക്കുന്ന ഒന്നാണ് രക്ഷ.

അതേ പോലെ തന്നെ നാം ഓരോരുത്തർക്കും വ്യത്യസ്ത തരത്തിലുള്ള ആത്മീയ വരങ്ങൾ നൽകിയിട്ടുണ്ട്. ദൈവം നമ്മിൽ നിന്നാഗ്രഹിക്കുന്നത് ആ വരങ്ങളെ വളരെ താഴ്മയോടും ദൈവഭക്തിയോടും കൂടി ഉപയോഗിക്കുകയും അതിന്റെ ഫലങ്ങളെ മറ്റുള്ളവരുമായി പങ്കിടുകയും വേണം എന്നുള്ളതാണ്. അതിൽ നാം സ്വയം മഹത്വമെടുക്കുവാനോ നമ്മെ തന്നെ പ്രശംസാപാത്രമായി ഉയർത്തിക്കാണിക്കുവാനോ ഒന്നും പാടില്ല. ഒരോ വിശ്വാസിയെയും ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിൽ ഓരോ സ്ഥാനങ്ങളിൽ ആക്കിവെച്ചിരിക്കുന്നു, അവിടെ ഓരോരുത്തനും അവനവന്റേതായ പ്രവൃത്തികൾ ഏൽപ്പിച്ചിരിക്കുന്നു. ഒരുവനു വേറൊരുവന്റെ പ്രവൃത്തി ചെയ്യുക സാധ്യമല്ല. ആയതിനാൽ മറ്റൊരുവന്റെ ആത്മവരത്തെ നോക്കി അതിൽ അസൂയാലു ആകുവാൻ പാടില്ല. ദൈവം ഓരോരുത്തനെയും ഏൽപ്പിക്കുന്ന പ്രവൃത്തിക്കു അവൻ തക്ക മാനം നൽകുന്നുണ്ട്. അവിടെ നാം ഭാവിച്ചുയരുകയോ മറ്റുള്ളവരിൽ നിന്നു നമ്മെ കുറച്ചു കാണുകയോ ചെയ്യേണ്ടുന്ന ആവശ്യമില്ല. അവന്റെ കണ്ണിൽ ഒരു ദേവാലയം വൃത്തിയാക്കുന്ന പണിയിലേർപ്പെട്ടിരിക്കുന്നവനും, പ്രസംഗ പീഠത്തിൽ നിന്നു വചനം പറയുന്നവനും തുല്യപ്രാധാന്യമുള്ളവരാണ്.

ആയതിനാൽ നമുക്ക് ലഭിച്ചിരിക്കുന്ന സകലവിധമായ കഴിവുകളും ദൈവത്തിൽ നിന്നുള്ള ദാനമാണെന്നും അതിന്റെ പ്രവൃത്തിയുടെ ഫലം നാം മറ്റുള്ളവരുമായി പങ്കിടേണ്ടതാണെന്നുമുള്ള ഒരു ബോധത്തിൽ നമ്മുടെ ജീവിതങ്ങളെ മുമ്പോട്ടു കൊണ്ടുപോവാൻ ശ്രമിക്കാം. ദൈവത്തെ കൂടാതെ ആർക്കും ഒന്നും സാധ്യമല്ല. അവന്റെ കൃപ നമുക്ക് മതി എന്നുള്ള ഒരു ഉറപ്പിൽ നമുക്കായിരിക്കാം. ദൈവം നമ്മെ അനുഗ്രഹികുമാറാകട്ടെ.

പരാമർശം :

സങ്കീർത്തനങ്ങൾ 37:39–40

നീതിമാന്മാരുടെ രക്ഷ യഹോവയിങ്കൽ നിന്നു വരുന്നു; കഷ്ടകാലത്തു അവർ അവരുടെ ദുർഗ്ഗം ആകുന്നു. യഹോവ അവരെ സഹായിച്ചു വിടുവിക്കുന്നു; അവർ അവനിൽ ആശ്രയിക്കകൊണ്ടു അവൻ അവരെ ദുഷ്ടന്മാരുടെ കയ്യിൽ നിന്നു വിടുവിച്ചു രക്ഷിക്കുന്നു.

ബ്രദർ. ബിനു ബേബി ആലപ്പുഴ 110